LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുകയാണ്. അതുപോലെ ലൈഫ് മിഷൻ പദ്ധതിയിലൂടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ മറുപടി പറഞ്ഞതാണ്, ലൈഫ് മിഷന്റെ ഒന്നാംഘട്ട പദ്ധതിയിൽ 11377 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്, 8433 വീടുകൾ കൂടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വരുന്ന അഞ്ചുവർഷക്കാലംകൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതിയും അതുപോലെതന്നെ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും കൊടുക്കാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മുഴുവൻ ആദിവാസികൾക്കും പട്ടികജാതിക്കാർക്കും ഭൂമിയും വീടും കൊടുക്കുകയെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകും. അതുപോലെതന്നെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട മേഖലയിലേയ്ക്ക് ഉയർന്നുവരാൻവേണ്ടിയുള്ള പുതിയ തൊഴിൽ സാധ്യതകളും മറ്റെല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻവേണ്ടിയുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായുള്ള ഗുരുതരമായ ആരോപണത്തെ സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അത് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാൻ ഭരണപക്ഷവും മുഖ്യമന്ത്രിയും ഭയക്കുന്നതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്. ഒരു കാര്യംകൂടി പറയാനുണ്ട്. ചട്ടം എന്നത് ഓരോരുത്തരുടെ സൗകര്യമനുസരിച്ച് മാറ്റാനുള്ളതല്ല. ഇന്നലെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഒരു ചട്ടം ഉന്നയിച്ചു. റൂൾ 73-അത് ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണ്ട എന്നുപറയാനായിരുന്നു. അതിൽ ചട്ടം ബാധകമായിരുന്നില്ല. എന്നാൽ ഇന്ന് അദ്ദേഹം ചട്ടം ബാധകമാക്കുകയാണ്. ഓരോ ദിവസവും ഓരോ സൗകര്യത്തിനനുസരിച്ച് ചട്ടങ്ങൾ വ്യാഖ്യാനിക്കുന്നത് നിയമ വകുപ്പുമന്ത്രിക്ക് യോജിച്ചതല്ലെന്നുകൂടി ഞങ്ങൾ ഓർമ്മപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം രേഖയിലുള്ളതുകൊണ്ട് ഒരു കാര്യം പറയുകയാണ്. ഒന്ന്, ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നടത്തിയാൽ അതിനെ പ്രതിപക്ഷ നേതാവായാലും മറ്റ് ഏതംഗമായാലും ചോദ്യം ചെയ്യുന്നത് തെറ്റായ രീതിയാണ്. രണ്ടാമത്തേത്, ഇന്നലെ പറഞ്ഞത് ചട്ടം തന്നെയാണ്, ചട്ടം വായിക്കുകയാണ് ചെയ്തത്. ചട്ടം 73 പറയുന്നത് ഫിനാൻഷ്യൽ മെമ്മോറാണ്ടം കണക്കുകൾ ഉണ്ടാകുന്നതിന്റെ ഭാഗമാണ്. ചെലവ് ഇല്ലാത്തതുകൊണ്ട് അത് ഉൾപ്പെടുത്തിയിട്ടില്ല എന്ന വിശദീകരണമാണ് ഞാൻ നൽകിയിട്ടുള്ളത്. ഇന്നലെയും ഇന്നും വായിച്ചത് ചട്ടങ്ങളാണ്. അതാണ് ശരിയായ ചട്ടങ്ങളായി രേഖയിലുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

IV. സബ്മിഷൻ

(1) മിനി ഡാം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. 2018-ലെ പ്രളയത്തിൽ പ്രസ്തുത ഡാം തകർന്നുപോകുകയും ഉരുൾപൊട്ടലിന്റെ ഭാഗമായി കൃഷിഭൂമിയൊക്കെ മണ്ണുമൂടിയ അവസ്ഥയുമുണ്ടായി. അതിനുശേഷം അത് പുനർനിർമ്മിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് പ്രഖ്യാപനവും നടത്തിയതാണ്. ഇതിന്റെ ഗൗരവാവസ്ഥ എനിക്കുമുമ്പ് ആ മണ്ഡലത്തെ പ്രതിനിധീകരിച്ച ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഈ സഭയിൽ ബോദ്ധ്യപ്പെടുത്തിയതാണ്. എന്നാൽ നാളിതുവരെ അത് പുനർനിർമ്മിച്ചിട്ടില്ല. പത്തര ഏക്കറാണ് ഈ സ്ഥലത്തിന്റെ വിസ്തൃതി. അതിനടുത്തായി ഏകദേശം പത്ത്, മുന്നൂറ് ഏക്കറോളം സ്ഥലം കൃഷി ഭൂമിയാണുള്ളത്. നൂറോളം കർഷക കുടുംബങ്ങൾ ഇന്ന് വല്ലാത്ത ബുദ്ധിമുട്ടിലാണ്. നെല്ല്, തെങ്ങ്, വാഴ തുടങ്ങിയവയാണ് അവിടെ കൃഷി ചെയ്യുന്നത്. 2018-നുശേഷം വല്ലാതെ ബുദ്ധിമുട്ടി വയൽ നികത്തി അവർ ഒരുവിധം കൃഷി ചെയ്തുകൊണ്ടിരുന്നെങ്കിലും ഓരോ കാലത്തും പെയ്യുന്ന മഴയത്ത് കുത്തിയൊലിച്ചുവരുന്ന മലവെള്ളം അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ട് ആ വയലാകെ മൂടുകയാണ്. വളരെ മനോഹരമായി, സുന്ദരമായി സമാധാനത്തോടുകൂടി ജീവിച്ച ഒരു ഗ്രാമം ഇന്ന് കണ്ണീരും കയ്മയായി കഴിയുകയാണ്. ഡാം നിർമ്മിക്കാത്തതിനാൽ ഒരു ഭാഗത്ത്